**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

# നിയമസഭാ സമുച്ചയത്തിനകത്ത് മാധ്യമ പ്രവർത്തകർ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

# നിയമസഭാ സമുച്ചയത്തിനകത്ത് മാധ്യമ പ്രവർത്തകർ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ

529/2025.

## ആമുഖം

കേരള നിയമസഭയിൽ ഗവർണ്ണറുടെ പ്രസംഗവും, നിയമസഭയിലെ നടപടിക്രമങ്ങളും പ്രക്ഷേപണം ചെയ്യുന്നത് സംബന്ധിച്ച് 2002-ൽ ഇൻസ്ട്രക്ഷൻസ് ഓൺ ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ടെലികാസ്റ്റിംഗ് ഓഫ് ഗവർണ്ണേഴ്സ് അഡ്രസ്സ് ആൻഡ് അസംബ്ലി പ്രോസീഡിംഗ്സ് പുറപ്പെടുവിച്ചിരുന്നു. സഭാ ടിവി നിലവിൽ വന്ന സാഹചര്യത്തിൽ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം പ്രസ്തുത ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ടെലികാസ്റ്റിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ 2023-ൽ പരിഷ്കരിച്ചിരുന്നു.

പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലും നിയമസഭാ സമുച്ചയത്തിൽ മാധ്യമപ്രവർത്തകർ പാലിക്കേണ്ട പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നില്ല. ബഹു. സ്പീക്കറുടെ 21-2-2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാധ്യമ പ്രവർത്തകർ നിയമസഭാ സമുച്ചയത്തിൽ പാലിക്കേണ്ട പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

തിരുവനന്തപുരം,
ഏപ്രിൽ 2025.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

**നിയമസഭാ സമുച്ചയത്തിനകത്ത് മാധ്യമ പ്രവർത്തകർ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ**

i. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ലഭിച്ച മാധ്യമ പാസുകളുടെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച ഏതൊരു മാധ്യമവും നിയമസഭാ സമ്മേളന നടപടികളുടെ ഭാഗമല്ലാത്തതായ മറ്റേതൊരു ദൃശ്യ ശ്രവ്യ ചിത്രീകരണവും നിയമസഭയുടെ അധികാര പരിധിയിലുള്ള യാതൊരു സ്ഥലത്തും സ്പീക്കറുടെ മുൻകൂർ അനുമതി ലഭിക്കാതെ നടത്തുവാൻ പാടുള്ളതല്ല.

ii. ഗ്യാലറികളിൽ പരിപൂർണ്ണ നിശബ്ദത പാലിക്കേണ്ടതാണ്.

iii. ഗ്യാലറികളിലുള്ള മാധ്യമ പ്രവർത്തകർ മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് സഭാ നടപടികൾ പകർത്താൻ പാടുള്ളതല്ല.

iv. സഭാ നടപടികളിൽ നിന്നും സ്പീക്കറുടെ നിർദ്ദേശ പ്രകാരം ഒഴിവാക്കപ്പെട്ട ഭാഗം പ്രസിദ്ധീകരിക്കുകയോ സംപ്രേഷണം ചെയ്യുകയോ പാടുള്ളതല്ല. ഇവ പ്രസിദ്ധപ്പെടുത്തുന്നത് സഭയുടെ വിശേഷാധികാരത്തിന്റെ ലംഘനമായി കണക്കാക്കി ബന്ധപ്പെട്ട മാധ്യമത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

v. സഭയെക്കുറിച്ചോ സഭാംഗങ്ങളെ അപകീർത്തിപരമായി ചിത്രീകരിച്ചോ വസ്തുതകൾക്ക് വിരുദ്ധമായി എന്തെങ്കിലും പ്രസിദ്ധീകരിക്കുന്നത് സഭയുടെ വിശേഷാധികാരത്തിന്റെ ലംഘനമാകയാൽ അത്തരം പ്രവർത്തനങ്ങളിൽ നിന്ന് മാധ്യമങ്ങൾ വിട്ടു നിൽക്കേണ്ടതാണ്.

vi. ഭരണഘടനയുടെ അനുച്ഛേദം 194(2) പ്രകാരം പ്രത്യേക പ്രിവിലേജ് ഉള്ളതിനാൽ ആധികാരിക രേഖയായി കണക്കാക്കുന്നതിന് സഹായകരമാകുന്ന തരത്തിൽ ടെലികാസ്റ്റ്/ റിക്കോർഡ് ചെയ്യപ്പെടുന്ന മുഴുവൻ സഭാ നടപടികളുടെയും തുടക്കത്തിൽ സഭാ നടപടികളുടെ തീയതി വിവരം നിർബന്ധമായും സൂചിപ്പിക്കേണ്ടതാണ്.

vii. സഭാ നടപടികളുടെ കവറേജിന് അനുമതി കിട്ടിയ എല്ലാ പത്ര ദൃശ്യ ശ്രവ്യ മാധ്യമങ്ങളും നിയമസഭാ വാർത്തകൾ അർഹമായ പ്രാധാന്യത്തോടെ അവരുടെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

viii. സഭയുടെയോ സഭാ സമിതിയുടെയോ ചർച്ചയോ നടപടിയോ ഉത്തമ വിശ്വാസമില്ലാതെ റിപ്പോർട്ട് ചെയ്യുകയോ ഏതെങ്കിലും അംഗത്തിന്റെ പ്രസംഗത്തെ മനപൂർവ്വം ദുർവ്യാഖ്യാനം ചെയ്യുകയോ ചെയ്യുന്നത് സഭയുടെ വിശേഷാധികാരത്തിന്റെ ലംഘനമായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ix. സഭാ ചേമ്പറിനുള്ളിലോ സഭാ സമുച്ചയത്തിൽ എവിടെയെങ്കിലും വച്ചോ നടത്തുന്ന വിവിധ തെരഞ്ഞെടുപ്പു വേളകളിൽ അംഗങ്ങൾ വോട്ടു രേഖപ്പെടുത്തുന്നതിന്റെ സ്വകാര്യത നഷ്ടപ്പെടുത്തുന്ന രീതിയിൽ ക്യാമറകൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

x. നിയമസഭാ സമ്മേളന കാലയളവുകളിൽ പ്രസ് ഗ്യാലറികളിൽ മാധ്യമ പ്രവർത്തകർക്ക് പ്രവേശനം അനുവദിക്കാനാവാത്ത സ്ഥിതി വിശേഷങ്ങളുണ്ടാകുന്ന പക്ഷം സഭാ ടി.വി യുടെ നേതൃത്വത്തിൽ സഭാ നടപടികൾ റെക്കോർഡ് ചെയ്ത് മീഡിയ റൂമിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ള സംവിധാനത്തിലൂടെ മാധ്യമങ്ങൾക്ക് ഫീഡ് നൽകുന്നതും ലൈവ് ടെലികാസ്റ്റിന് അനുമതിയുള്ള പക്ഷം ആ വിവരം പ്രത്യേകം അറിയിച്ച് ലൈവ് ഫീഡ് നൽകുന്നതുമാണ്.

xi. ഇ-നിയമസഭ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഗ്യാലറികളിലും മീഡിയ റൂമിലും പ്രസ് റൂമിലും രേഖകൾ മാധ്യമങ്ങൾക്ക് ഡിജിറ്റലായി ലഭ്യമാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. സഭയിൽ സമർപ്പിക്കപ്പെട്ട വിവിധ റിപ്പോർട്ടുകളുടെയും സഭാ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ മാധ്യമ പ്രവർത്തകർക്ക് വിതരണം ചെയ്യുന്ന രീതി അവസാനിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ പുതിയ സംവിധാനം പ്രയോജനപ്പെടുത്താൻ മാധ്യമങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

xii. സ്ഥിരം മാധ്യമപാസ് ലഭിച്ചിട്ടുള്ള മാധ്യമ പ്രവർത്തകർ അവർ സ്ഥാപനത്തിൽ നിന്നു വിടുതൽ ചെയ്യുന്ന അവസരത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് നൽകിയ പാസുകൾ നിർബന്ധമായും തിരിച്ചേൽപ്പിക്കുന്നതിന് വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വ്യവസ്ഥ പാലിക്കപ്പെടുന്നുവെന്ന് ജീവനക്കാരെ വിടുതൽ ചെയ്യുന്ന വേളയിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്. പാസുകൾ തിരിച്ചേൽപ്പിക്കാതെ അനധികൃതമായി അവ ഉപയോഗിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടാൽ ആ മാധ്യമത്തിന് സ്ഥിരം പാസ് അനുവദിച്ച നടപടി റദ്ദ് ചെയ്യുന്നതാണ്.

xiii. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് കൈപ്പറ്റാനുദ്ദേശിക്കുന്ന ഏതൊരു മാധ്യമ പ്രവർത്തകനും അവരുടെ സ്ഥാപന മേധാവി / ബ്യൂറോ ചീഫ് /തത്തുല്യ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ലെറ്റർ ഹെഡിലുള്ള അപേക്ഷ ഹാജരാക്കേണ്ടതും ആയതിൽ പാസ്സ് അനുവദിക്കാനുള്ള അപേക്ഷകരുടെ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. പാസ് കൈപ്പറ്റാനുദ്ദേശിക്കുന്ന മാധ്യമ പ്രവർത്തകരുടെ പേരിന്റെ അക്ഷര വിന്യാസവും മറ്റു വിവരങ്ങളും ഏതെങ്കിലും സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖകളിലേതിനു സമാന മായിരിക്കേണ്ടതും അത്തരത്തിലുള്ള തിരിച്ചറിയൽ രേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

xiv. നിയമസഭാ സമുച്ചയത്തിനുള്ളിൽ വാച്ച് & വാർഡ് വിഭാഗം നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

XV. മേൽപരാമർശിച്ച ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ അവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്യുകയാണെങ്കിൽ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം നടപടിക്ക് വിധേയമാകുന്നതിനും വ്യവസ്ഥകൾ ലംഘിച്ച മാധ്യമത്തിന് നൽകിയ മാധ്യമ പാസുകൾ ഒരു നിശ്ചിത കാലയളവ് വരെയോ പൂർണ്ണമായോ അതതു സമയങ്ങളിലെ സ്പീക്കറുടെ തീരുമാനപ്രകാരം റദ്ദ് ചെയ്യാവുന്നതിനും ഇടയാക്കുന്നതാണ്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.